ചുമതല സംസ്ഥാനതലത്തിൽ ഒരു വകുപ്പിന്റെ കീഴിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. ഇതുമൂലം വിവിധ കേന്ദ്ര സംസ്ഥാനാവിഷ്കൃത പരിപാടികൾ വികേന്ദ്രീകൃത വ്യവസ്ഥയിൽ നടപ്പിലാക്കുന്നതിനുവേണ്ട മാർഗ്ഗ നിർദ്ദേശങ്ങളും ഉത്തരവുകളും ഒരു വകുപ്പിൽനിന്നുതന്നെ പുറപ്പെടുവിക്കുന്നതിനും പരിപാടികളുടെ മേൽനോട്ടം ഒരു വകുപ്പിൽനിന്നുതന്നെ നടത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ ത്രിതലപഞ്ചായത്തുകളിലെ ഉദ്യോഗസ്ഥന്മാരുടെ ഭരണപരമായ നിയന്ത്രണം ഒരു വകുപ്പിൽനിന്നു വിനിയോഗിക്കുന്നതിനും സാദ്ധ്യമായിട്ടുണ്ട്.

137 (694) വാർഡ് വിഭജനം

ശ്രീ. സി.പി. ജോഷി വൈദ്യർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല സംവിധാനത്തിൽ വാർഡ് വിഭജനം നടത്തുന്നതിന് നേരത്തെയുണ്ടായിരുന്ന സംവിധാനങ്ങൾ എന്തെല്ലാമായിരുന്നെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള വാർഡുകൾ അശാസ്ത്രീയമായാണ് രൂപീകരിച്ചതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ വാർഡുകൾ ശാസ്ത്രീയമായും കൂറ്റമറ്റതായും വിഭജിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) പുതുതായി രൂപീകരിക്കുന്ന വാർഡുകൾ എന്നേയ്ക്ക് നിലവിൽ വരുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പഞ്ചായത്ത്രാജ് ആക്ട് സെക്ഷൻ 6-ൽ പറയുന്ന പ്രകാരം പഞ്ചായത്തുകളുടെ അംഗസംഖ്യ നിശ്ചയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ജനസംഖ്യ ആനുപാതികമായിട്ടാണ് വാർഡ് വിഭജനം നടത്തിയിരുന്നത്.

(ബി) ഉണ്ട്.

(സി) വാർഡുകൾ ശാസ്ത്രീയമായും കൂറ്റമറ്റതായും വിഭജിക്കുന്നതിനുവേണ്ടി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനെയാണ് ഇപ്പോൾ സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത്.

(ഡി) 1.10.2000-ൽ നിലവിൽ വരുന്നതാണ്.

138 (695) വാർഡ് വിഭജന നടപടികൾ

ശ്രീ. മാണി മത്തായി :

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. കെ.എം. മാണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും വാർഡ് പുനർനിർണ്ണയത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly